(ഡി) ഉണ്ട്.

(ഇ) റോയൽറ്റി കൂടുതലാണ് എന്നതുകൊണ്ട് മാത്രമല്ല കാറികൾ നിറുത്തുന്നത്.

(എഫ്) 77 എണ്ണം.

(ജി) 11.

(എച്ച്) നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്.

## ലൈസൻസ് നൽകിയിട്ടുള്ള കാറികൾ

24 [4884] ശ്രീ. കെ. പി. മോഹനൻ:
,, സി. കെ. നാണു:
,, എ. സി. ഷൺമുഖദാസ്:
ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കാറികൾക്ക് ലൈസൻസ് നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ലൈസൻസ് ഇല്ലാത്ത കാറികൾ നടത്തുന്നവർക്കെതിരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

## ഉത്തരം

(എ) മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ നിന്നും 2002-2003 വർഷം സംസ്ഥാനത്ത് ആകെ 325 കാറിയിംഗ് ലീസുകളും 1588 കാറിയിംഗ് പെർമിറ്റുകളും അടക്കം 1913 മൈനർ മിനറൽ കൺസഷനുകൾ നൽകിയിട്ടുണ്ട്.

(ബി)

| | | |
|---|---|---|
| തിരുവനന്തപുരം | .. | 172 |
| കൊല്ലം | .. | 35 |
| പത്തനംതിട്ട | .. | 127 |
| കോട്ടയം | .. | 252 |
| ഇടുക്കി | .. | 83 |
| ആലപ്പുഴ | .. | 33 |
| എറണാകുളം | .. | 120 |

LIBRARY ARCHIVES Kerala Legislative Assembly

| | | |
|---|---|---|
| തൃശ്ശൂർ | .. | 114 |
| മലപ്പുറം | .. | 205 |
| പാലക്കാട് | .. | 157 |
| കോഴിക്കോട് | .. | 161 |
| വയനാട് | .. | 145 |
| കണ്ണൂർ | .. | 177 |
| കാസർഗോഡ് | .. | 132 |

(സി) 2001 മുതൽ 2003 വരെയുള്ള സാമ്പത്തികവർഷക്കാലം അനധികൃത ഖനനവും കടത്തലും കണ്ടെത്തി 5340 കേസുകൾ കോമ്പൗണ്ട് ചെയ്യുകയും 12 കേസുകൾ കോടതികളിൽ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## സാമൂഹ്യക്ഷേമ വകുപ്പിന് കീഴിലുള്ള അബലാ മന്ദിരങ്ങൾ

25[4893] ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിനുകീഴിൽ എത്ര അബലാ മന്ദിരങ്ങൾ ഉണ്ട്; എവിടെയെല്ലാമാണ് ഇവ പ്രവർത്തിച്ചുവരുന്നത്;

(ബി) ഓരോ സ്ഥാപനത്തിലുമായി എത്ര പേരാണ് അന്തേവാസികളായി ഉള്ളത്;

(സി) ഇവരുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത്;

(ഡി) ഒരാൾക്ക് പ്രതിദിനം എത്ര തുക ചെലവ് വരുന്നുണ്ട്;

(ഇ) ഭക്ഷണം, വസ്ത്രം എന്നിങ്ങനെയായി വിവിധ ആവശ്യങ്ങൾക്കായി ഒരു വർഷം ഒരാൾക്ക് എത്ര രൂപ ചെലവ് ചെയ്യുന്നു;

(എഫ്) എത്ര ജീവനക്കാരെയാണ് ഓരോ സ്ഥാപനത്തിന്റെയും നടത്തിപ്പിനും മേൽനോട്ടത്തിനുമായി ചുമതലപ്പെടുത്തിയിരിക്കുന്നത്;

(ജി) എന്തെല്ലാം തൊഴിൽ പരിശീലനങ്ങൾ ഇവിടെ നൽകാറുണ്ട്;

(എച്ച്) അബലാമന്ദിരം, വൃദ്ധസദനം എന്നീ സ്ഥാപനങ്ങൾ സ്വകാര്യ വ്യക്തികൾക്കോ ഏജൻസികൾക്കോ കൈമാറുന്നതിന് എന്തെങ്കിലും നടപടികൾ സർക്കാർ ആലോചിക്കുന്നുണ്ടോ;

(ഐ) ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച് പഠനമോ ചുമതലപ്പെടുത്തപ്പെട്ട ഏതെങ്കിലും കമ്മിറ്റിയോ ഇപ്രകാരം ശുപാർശ സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ?